വാരാന്ത്യപതിപ്പ് ലക്കം-45 | MARCH 27 - APRIL 2

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

### എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്

പേജ് 1

ലോക നാടക ദിനം

പേജ് 1

ബർത്ത്ഡേ ചലഞ്ച്

പേജ് 2

പോയെട്രി ഷൗട്ട് ഔട്ട്

പേജ് 3

ട്രാഷ് ഇറ്റ് തൃശ്ശൂർ: തൃശ്ശൂർ വില്ലേജ് ഓഫീസ്

പേജ് 3

ലോക ഓട്ടിസം ബോധവൽക്കരണ ദിനം

പേജ് 3

അഭയം

പേജ് 4


അക്ഷരാഗ്നി

പേജ് 4

ചോദ്യം ഉത്തരം

പേജ് 5

ചിന്താവിഷയം




## സോഷ്യോപോഡ്സ്


# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

"കിച്ചൻസ് എറൗണ്ട് ദി വേൾഡ്" എന്ന വിഷയത്തിൽ സോഷ്യപോഡ്സിന്റെ നാല്പത്തിയേഴാം എപ്പിസോഡ് മാർച്ച് ഇരുപത്തിയെട്ട് തിങ്കളാഴ്ച വൈകീട്ട് ആറുമണിക്ക് പുറത്തിറക്കി. ഓരോ നാട്ടിലേയും ഭക്ഷണ രീതികളെക്കുറിച്ചാണ് പോഡ്കാസ്റ്റിൽ വളന്റിയർ തോമസ് സംസാരിച്ചത്.ജപ്പാനിലെയും, അമേരിക്കയിലെയും, മെക്സിക്കോയിലെയും, ഇന്ത്യയിലെയും ഭക്ഷണ രീതികൾ പരിചയപ്പെടുത്തുകയും, ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## ലോക നാടക ദിനം

മാർച്ച് ഇരുപത്തിയേഴ് ലോക നാടക ദിനം ആചരിച്ചു. **1961** മുതലാണ് ലോക നാടക ദിനം ആചരിച്ചു തുടങ്ങിയത്. പ്രേക്ഷകരെ സ്പർശിക്കുന്ന തരത്തിൽ ജീവിത സത്യങ്ങൾ വെളിപ്പെടുത്താൻ കഴിയുന്ന മാധ്യമമാണ് നാടകം. ഈ ദിവസത്തോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.




## ബർത്ത് ഡേ ചലഞ്ച്

അഭയം ഭവന നിർമ്മാണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സമാഹരിക്കുന്നതിനായി ആരംഭിച്ച "ബർത്ത് ഡേ ചലഞ്ച്" നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. ഈ പ്രവർത്തനത്തിൽ കോളേജിലെ ബർത്ത് ഡേ ആഘോഷിക്കുന്ന വിദ്യാർത്ഥികൾ സന്തോഷപൂർവം പങ്കെടുക്കുന്നുണ്ട്. രണ്ട് വിദ്യാർത്ഥികൾ ഈയാഴ്ച തന്റെ ജന്മദിനാഘോഷത്തിന്റെ ഭാഗമായി അഭയത്തിനായി ധനസഹായം നൽകി മറ്റുള്ളവർക്ക് മാതൃകയായത്. സഹായം നൽകിയ വിദ്യാർത്ഥിക്ക് നന്ദി അറിയിച്ചുകൊണ്ട് പോസ്റ്റർ നിർമ്മിച്ചു.




# പോയെട്രി ഷൗട്ട് ഔട്ട്

മാർച്ച് മുപ്പതാം തിയ്യതി യുവാക്കൾക്കിടയിൽ കവിത നൈപുണ്യം വളർത്തിയെടുക്കാൻ എൻ എസ് എസിന്റെ നേതൃത്വത്തിൽ കവിത മത്സരം സംഘടിപ്പിച്ചു. മത്സരവുമായി ബന്ധപ്പെട്ട ഓഫ്-സ്റ്റേജ്, ഓൺ-സ്റ്റേജ് പ്രവർത്തനങ്ങളിൽ ഏകദേശം പത്തോളം വളന്റിയർമാർ തങ്ങളുടെ കഴിവ് പ്രകടിപ്പിച്ചു. പ്രശസ്ത ദ്വിഭാഷ കവിയും സെന്റ് തോമസ് കോളേജ് പ്രൊഫസറുമായ ശ്യാം സുധാകർ സാറിന്റെ നേതൃത്വത്തിലുള്ളവർ മത്സരം വിലയിരുത്തി. ഗൗതമി പ്രസാദ് ടി (ബിഎസ്സി സ്റ്റാറ്റിസ്റ്റിക്സ് ഒന്നാം വർഷം), മിഹിര യു എൻ (ബിഎസ്സി ഫിസിക്സ് രണ്ടാം വർഷം), നിരഞ്ജന എം എൻ (ബിഎസ്സി ഫിസിക്സ് ഒന്നാം വർഷം) എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയിച്ച എല്ലാവർക്കും ആശംസകൾ നേർന്ന് പോസ്റ്റർ നിർമ്മിച്ചു







# ട്രാഷ് ഇറ്റ് തൃശ്ശൂർ  : തൃശ്ശൂർ വില്ലേജ് ഓഫീസ്

ഏപ്രിൽ രണ്ടാം തിയ്യതി ശനിയാഴ്ച എൻ എസ് എസ് വളന്റിയേഴ്സ്  വില്ലേജ് ഓഫീസ് പരിസരം വൃത്തിയാക്കി. രാവിലെ പത്തര മുതൽ വൈകീട്ട് നാലു വരെ അഞ്ചോളം വളന്റിയേഴ്സാണ് ശുചീകരണത്തിൽ ഏർപ്പെട്ടത്. ഓഫീസ് അധികൃതർ പരിപാടിയെ അഭിനന്ദിച്ചു. 'ട്രാഷ് ഇറ്റ്' ന്റെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.










# ലോക ഓട്ടിസം ബോധവൽക്കരണ ദിനം

ഏപ്രിൽ രണ്ട് ശനിയാഴ്ച "ലോക ഓട്ടിസം ബോധവൽകരണ ദിനമായി" ആചരിച്ചു . ഓട്ടിസം ഒരു രോഗമല്ല, മറിച്ച് കുട്ടികളിലെ ബുദ്ധിവികാസവുമായി ബന്ധപ്പെട്ട് കാണുന്ന ഒരു മാനസിക വ്യതിയാനമാണെന്ന് ലോകമെമ്പാടുമുള്ളവർക്കുള്ളിൽ  അവബോധം സൃഷ്ടിക്കാനാണ് ഈ ദിനം ആചരിക്കുന്നത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# അഭയം

"അഭയം ഭവന നിർമ്മാണ പദ്ധതി" പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ മറ്റെല്ലാവരുടേയും സഹകരണത്തോടെ നല്ലരീതിയിൽ പുരോഗമിക്കുന്നു.



## ചോദ്യം ഉത്തരം

എൻ എസ് എസ് ചിഹ്നത്തിലെ ഏത് നിറമാണ്
വളന്റിയർ മാരുടെ
ക്രിയാത്മകത,ഉത്സാഹം,ഊർജ്ജസ്വലത
എന്നിവയെ സൂചിപ്പിക്കുന്നത്?

--- ചുവപ്പ്

## അക്ഷരാഗ്നി

ആദിൽ മുഹമ്മദ് . വി. എസ്

# ചിറക്

അങ്ങകലെ തോട്ടിൻ കരയിലൊരു ചെറുകണ്ടം..
കണ്ടത്തിൻ കിഴക്കേ വക്കിൽ
ഓലമേഞ്ഞൊരു കൂരകെട്ടി
വാഴുന്നൊരു കോരൻ..


കോരന്റെ മക്കൾ രണ്ടും
കരിവീരൻ തൻ കറുപ്പുള്ള, കാരിരിമ്പിൻ കരുത്തുള്ള,
കണ്ണിലെ  കാർമേഘങ്ങൾ കീറി
മുറിക്കാൻ കഴിവുള്ള ഇരുവർ....

ഹാ!ഞാൻ കണ്ടു അവർ രണ്ടും കിളക്കാൻ,
കുഴിയെടുക്കാൻ യേമാന്റെ പറമ്പിൽ....

കണ്ടറിഞ്ഞു ഞാൻ അവർക്കുള്ളിൽ ഉണ്ടൊരു തീ..
ഉയർന്നു പറക്കാൻ ഉള്ളൊരു തീ....
വാനിൽ ഉയരെ ഉയരെ..
ചക്കി പരുന്തിനുമീതെ,മേഖങ്ങൾക്കുമീതെ...
തലയുയർത്തി പറക്കാനുള്ളൊരു ദാഹം!

വേണം,അവർക്കതിന് ചിറകുകൾ...
വിദ്യ തൻ വീര്യമുള്ള വിദ്യാഭ്യാസത്തിന്റെ ചിറകുകൾ......

പറക്കാൻ, പൊരുതാൻ, പാറി പറന്നീടാൻ ...



# ചിന്താവിഷയം

വിജയികളുടെ കഥകൾ വായിക്കരുത്, അതിൽ നിന്നും നിങ്ങൾക്ക് സന്ദേശം മാത്രമേ ലഭിക്കുകയുള്ളൂ. പരാജിതരുടെ കഥകൾ വായിക്കുക നിങ്ങൾക്ക് വിജയിക്കുവാനുള്ള പ്രചോദനം ലഭിക്കും.

- എ. പി. ജെ.അബ്ദുൽ കലാം

@nss_stc_42_144